# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3341 — 25.06.2012-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

### സർക്കാരിൻെറ ആദ്യ ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾ

| | | |
|---|---|---|
| (എ) | ഈ സർക്കാരിൻെറ ആദ്യ ബഡ്ജറ്റിൽ മുൻഗണനാ പരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ; ഇവയിൽ മുൻ സർക്കാരിൻെറ കാലത്തുതന്നെ പ്രവർത്തനം ആരംഭിച്ചവ ഏതൊക്കെയായിരുന്നു; | ഈ സർക്കാരിൻെറ ആദ്യ ബഡ്ജറ്റിൽ അൻപത്തിനാലോളം മുൻഗണനാ പരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ഇതിൽ കാലിത്തീറ്റ സബ്സിഡി, സ്മാർട്ട് സിറ്റി പ്രോജക്ട്, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, മാലിന്യ വിമുക്ത കേരള പദ്ധതി, വിഴിഞ്ഞം പദ്ധതി , തലസ്ഥാന നഗരവികസന പദ്ധതി എന്നിവ മുൻ സർക്കാരിൻെറ കാലത്തുതന്നെ നടപടികൾ ആരംഭിച്ചവയിൽ ചിലതാണ്. |
| (ബി) | പ്രഖ്യാപിച്ച മുൻഗണനാ പരിപാടികളിൽ ഏതെങ്കിലും പൂർണ്ണമായും ആദ്യവർഷത്തിൽതന്നെ പൂർത്തിയാക്കുകയുണ്ടായോ; എങ്കിൽ അവ ഏതൊക്കെ; ഇപ്പോഴും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്; | സംസ്ഥാന സ്വയം സംരംഭക വികസനമിഷൻ, സാമൂഹ്യ ക്ഷേമ പെൻഷനുകൾ, കർഷക തൊഴിലാളി പെൻഷൻ എന്നിവ 400 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി, ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ, ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്നതിനുള്ള പദ്ധതി, കാൻസർ തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സാ സഹായം നൽകുന്നതിനുവേണ്ടിയുള്ള കാരുണ്യ സഹായ നിധി, കാലിത്തീറ്റാ സബ്സിഡി, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായ പരിപാടികൾ, അനാഥാലയങ്ങൾക്കുള്ള സഹായം, മാലിന്യമുക്ത കേരളം തുടങ്ങിയവ ആദ്യവർഷംതന്നെ നടപ്പിലാക്കിയ മുൻഗണനാ പരിപാടികളിൽ ഉൾപ്പെട്ടവയാണ്. മറ്റുള്ളവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. |
| (സി) | മുൻഗണനാ പരിപാടികളിൽ പൂർണ്ണമായും നടപ്പിലാക്കാത്തവയ്ക്ക് അവ പൂർത്തീകരിക്കാനാവശ്യമായ മുഴുവൻ ഫണ്ടും ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | മുൻഗണനാ പരിപാടികളിൽ ഉൾപ്പെട്ടവയുടെ പൂർത്തീകരണത്തിനാവശ്യമായി വേണ്ടിവരുന്ന തുക യഥാസമയം ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്നതാണ്. |

Z.K. [signature]

സെക്ഷൻ ഓഫീസർ